# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2638 12.03.2018-ൽ മറുപടിക്ക്

### ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാരുടെ ജോലിഭാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹൈസ്കൂളുകളിലും എൽ.പി. സ്കൂളുകളിലും സ്ഥാപനമേധാവി ഭരണപരമായ കാര്യങ്ങൾ മാത്രം ചെയ്യുമ്പോൾ കേരളത്തിലെ ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാർ ഇതോടൊപ്പം ഒരു പൂർണ്ണസമയ അദ്ധ്യാപകൻ കൂടിയാകയാൽ ജോലിഭാരം നിമിത്തം അധ്യാപനത്തിൽ മികവ് പുലർത്താനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ക്ലാർക്കിന്റെയും പ്യൂണിന്റെയും തസ്തിക പോലുമില്ലാതെ ആ ജോലി കൂടി നിർവഹിക്കേണ്ടി വരുന്ന ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർ സങ്കീർണ്ണമായതും സമയബന്ധിതവുമായ ഓഡിറ്റിങ് ഉൾപ്പെടെയുള്ള വിവിധ ഫയലുകൾ കൈകാര്യം ചെയ്യേണ്ടി വരുന്നതിനാൽ അവരുടെ അമിത ജോലിഭാരവും മാനസിക സംഘർഷവും കുറക്കുന്നതിനായി അധ്യാപന ജോലി ഒരു ഗസ്റ്റ് അദ്ധ്യാപകനെ നിയമിച്ച് പുനക്രമീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (ബി) നിലവിലുണ്ടായിരുന്ന ഹൈസ്കൂളുകൾ ഹയർ സെക്കന്ററി സ്കൂളുകളായി ഉയർത്തിയപ്പോൾ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് തന്നെയാണ് ഹയർ സെക്കന്ററി വിഭാഗത്തിലും സേവനം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഹയർ സെക്കന്ററിയിൽ കൂടുതൽ ബാച്ചുകൾ അനുവദിച്ചപ്പോൾ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് ഈ ജോലികൾ ഏറ്റെടുത്ത് നടത്താൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് പ്രസ്തുത ജോലികൾ കൂടി പ്രിൻസിപ്പൽമാർ നിർവ്വഹിക്കേണ്ടി വന്നത്. ഹയർ സെക്കന്ററിയിൽ, നിലവിലുള്ള ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തിക അപ്ഗ്രേഡ് ചെയ്താണ് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. ആയതിനാൽ പ്രിൻസിപ്പൽമാരെ അധ്യാപന ജോലിയിൽ നിന്നും ഒഴിവാക്കുമ്പോൾ അത്രയും തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടിവരും. തസ്തിക സൃഷ്ടിക്കുന്നതും ഗസ്റ്റ് ലക്ചർമാരെ |

(മറുപുറം...)

നിയമിക്കുന്നതും സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ പ്രിൻസിപ്പൽമാരെ അധ്യാപനത്തിൽ നിന്നും ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ.**